# Desabhimani

# 17 July 2018

# Perumbavoor, Kaniv Bhavanam, After Flood, Flood Relief

## 3 കനിവ് ഭവനങ്ങൾക്ക് ശിലയിട്ടു



മഴുവന്നൂർ ലോക്കൽ കമ്മിറ്റി നിർമ്മിച്ചു നൽകുന്ന ഭവനത്തിന് സി എൻ മോഹനൻ കല്ലിടുന്നു

**പെരുമ്പാവൂർ**

സിപിഐ എം നിർമിച്ചുനൽകുന്ന മൂന്ന് കനിവ് ഭവനങ്ങൾക്ക് ശിലയിട്ടു. ഏക്കുന്നം മുത്തലങ്ങ വീട്ടിൽ തമ്പാന്റെയും സുമതിയുടെയും മകൻ ഭിന്നശേഷിക്കാരനായ സജീവിന് ഓടക്കാലി ലോക്കൽ കമ്മിറ്റി നിർമിച്ചുനൽകുന്ന വീടിന് ജില്ലാ സെക്രട്ടറിയറ്റംഗം അഡ്വ. എൻ സി മോഹനൻ കല്ലിട്ടു. ലൈലാ അബ്ദുൾ ഖാദർ അധ്യക്ഷയായി. ഏരിയ സെക്രട്ടറി പി എം സലിം, പി കെ സോമൻ, സുജു ജോണി, ഷാജി സരിഗ, ആർ എം രാമചന്ദ്രൻ , കെ ഇ നൗഷാദ്, കെ എ എ സലാം, ഇ എം ശങ്കരൻ, എം കെ രവി, കെ എം ഷൈറജ്, വസന്ത് പി ഗോപി എന്നിവർ സംസാരിച്ചു. എ എൻ രാജീവ് സ്വാഗതം പറഞ്ഞു. ലൈലാ അബ്ദുൾ ഖാദർ ചെയർമാനും എ എൻ രാജീവ് കൺവീനറും കെ എം ഷൈറജ് ട്രഷററുമായുള്ള നിർമാണകമ്മിറ്റിയാണ് പ്രവർത്തിക്കുന്നത്.

കാഞ്ഞിരക്കോട് നാല് സെന്റ് കോളനിയിൽ താമസിക്കുന്ന അവിവാഹിതരായ സഹോദരിമാരായ കമലാക്ഷിക്കും കുഞ്ഞുലക്ഷ്മിക്കും മുടക്കുഴ ലോക്കൽ കമ്മിറ്റി നിർമിച്ചുനൽകുന്ന വീടിന് അഡ്വ. എൻ സി മോഹനൻ ശിലയിട്ടു. വി പി മാത്യു അധ്യക്ഷനായി. ഏരിയ സെക്രട്ടറി പി എം സലിം, പി കെ സോമൻ, സാജു പോൾ, ആർ എം രാമചന്ദ്രൻ, കെ എ എ സലാം, കെ കെ എൽദോസ്, ബിജു ജേക്കബ് എന്നിവർ സംസാരിച്ചു. പി കെ ശിവദാസ് സ്വാഗതവും എൻ സതീശ്കുമാർ നന്ദിയും പറഞ്ഞു.

വി പി മാത്യു ചെയർമാനും പി കെ ശിവദാസ് കൺവീനറും കെ കെ എൽദോസ് ട്രഷററുമായുള്ള നിർമാണകമ്മിറ്റിയാണ് പ്രവർത്തിക്കുന്നത്.

**കോലഞ്ചേരി**

സിപിഐ എം മഴുവന്നൂർ ലോക്കൽ കമ്മിറ്റിയുടെ കനിവ് ഭവനത്തിന് തറക്കല്ലിട്ടു. കാരമൂട് ചേർന്ന സമ്മേളനത്തിൽ ജില്ലാ സെക്രട്ടറി സി എൻ മോഹനൻ ഉദ്ഘാടനം ചെയ്തു. വളരുക്കാട്ടിൽ അവിവാഹിതരായ ഓമന, ഉഷ സഹോദരിമാർക്കാണ് വീട് നിർമിച്ചുനൽകുന്നത്. ചടങ്ങിൽ സംഘാടകസമിതി ചെയർമാൻ വി ആർ രാകേഷ് അധ്യക്ഷനായി. ജില്ലാ കമ്മിറ്റി അംഗങ്ങളായ കെ വി ഏലിയാസ്, അഡ്വ. കെ എസ് അരുൺകുമാർ, ഏരിയ സെക്രട്ടറി സി കെ വർഗീസ്, എം പി വർഗീസ്, ബിജയൻ, അഡ്വ. എം ഹർഷൻ, കെ എച്ച് സുരേഷ്, വി കെ അജിതൻ, ഇ എൻ മോഹനൻ എന്നിവർ സംസാരിച്ചു